കേരളസർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറേറ്റിൽ ഡ്രൈവർ ഗ്രേഡ് II ആയി നിയമിക്കപ്പെട്ട ശ്രീ. ബിജു.എസ്-ന് ഗ്രാമവികസന വകുപ്പിലേയ്ക്ക് അന്തർ വകുപ്പു സ്ഥലം മാറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ.3173/14 /തസ്വഭവ, തിരുവനന്തപുരം,തീയതി, 02.12.2014**

---

പരാമർശം:- . ജി.ഒ.(പി) നമ്പർ.5/2013/പി & എആർഡി, തീയതി 06.02.2013.

2. ഇൻഷുറൻസ് വകുപ്പ് ഡയറക്ടറുടെ 03.08.2011ലെ ഇ2-20871/2009/ഡിഐഎംഎസ്. നമ്പർ നടപടിക്രമം.
3. ശ്രീ.എസ്.ബിജു, ഡ്രൈവർ ഗ്രേഡ് II, 17.05.2014-ൽ സമർപ്പിച്ച അന്തർ വകുപ്പു സ്ഥലം മാറ്റത്തിനുള്ള അപേക്ഷ.
4. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 31.05.2014, 10.07.2014 തീയതികളിലെ ഇ2-17697/2012/ഡി.ഐ.എം.എസ്. നമ്പർ കത്തുകൾ.
5. ഗ്രാമവികസന കമ്മീഷണറുടെ 03.09.2014, 07.10.2014 തീയതികളിലെ 10564/എസ്റ്റാ-ബി1/14/സിആർഡി. നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കൊല്ലം ജില്ലാ ഓഫീസ് മുഖാന്തിരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ 06.05.2011 മുതൽ ഡ്രൈവർ ഗ്രേഡ് II ആയി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.ബിജു.എസ്-ന് ഗ്രാമവികസന വകുപ്പിലേക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം വഴി നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ.എസ്.ബിജുവിന് ഗ്രാമവികസന വകുപ്പിലേയ്ക്ക് അന്തർ വകുപ്പു സ്ഥലം മാറ്റം നൽകുന്നതിന് എതിർപ്പില്ലെന്നും, കൊല്ലം ജില്ലയിൽ വകുപ്പിനു കീഴിൽ ഡ്രൈവർ തസ്തികയുള്ള ഏക സ്ഥാപനത്തിൽ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഒഴിവ് ഉണ്ടാകാൻ സാദ്ധ്യതയില്ലായെന്നും ഇൻഷുറൻസ് മെഡിക്കൽ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്. ശ്രീ.ബിജു.എസ്. ആവശ്യപ്പെട്ട കൊല്ലം ജില്ലയിലെ നിലവിലുള്ള ഡ്രൈവർ തസ്തികയിലെ രണ്ട് ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും അഞ്ചൽ ബ്ലോക്കിലെ ഒഴിവ് എസ്.ടി. വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ളതായും സമീപ ഭാവിയിൽ പി.എസ്.സി. മുഖേന നിയമനം നടക്കുവാൻ സാധ്യതയില്ലായെന്നും, കൊല്ലം ജില്ലയിൽ ഡ്രൈവർ ഗ്രേഡ് II

തസ്തികയിൽ ശാസ്താംകോട്ട, മുഖത്തല എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലായി റിട്ടയർമെന്റ് മുഖേന 2 ഒഴിവുകൾ 31.05.2015-ന് നിലവിൽ വരുന്നതാണെന്നും ഈ സാഹചര്യത്തിൽ ശ്രീ.ബിജു.എസ്-ന് ഗ്രാമവികസന വകുപ്പിൽ അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കാവുന്നതാണെന്നും പരാമർശം (5) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരാമർശം (2)ലെ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടിക്രമം പ്രകാരം 06.05.2011 മുതൽ ശ്രീ.എസ്.ബിജുവിന്റെ സർവ്വീസ് റഗുലറൈസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം സൂചന (1)ലെ ഉത്തരവ് പ്രകാരം വിശദമായി പരിശോധിച്ചു. ശ്രീ.ബിജു.എസ്, കൊല്ലം ജില്ലയിൽ ടെസ്റ്റ് എഴുതിയ ആളാണെന്നതും, ടിയാൻ ഇപ്പോൾ ജോലി ചെയ്യുന്ന വകുപ്പിൽ കൊല്ലം ജില്ലയിൽ 5 വർഷത്തേയ്ക്ക് ഒഴിവുണ്ടാകാൻ സാധ്യതയില്ലെന്നതും, ഗ്രാമവികസന വകുപ്പിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവ് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ 31.05.2015 വരെ നികത്തപ്പെടാൻ സാദ്ധ്യതയില്ലായെന്നതും പരിഗണിച്ച്, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കൊല്ലം ജില്ലാ ഓഫീസ് മുഖാന്തിരം തിരുവനന്തപുരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കാര്യാലയത്തിൽ ഹെഡ് ക്വാർട്ടേഴ്സ് ഒഴിവിൽ ഡ്രൈവർ ഗ്രേഡ് II ആയി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ ബിജു.എസ്-ന് അന്തർ വകുപ്പു സ്ഥലംമാറ്റത്തിനുള്ള അഞ്ചു വർഷ ചട്ടങ്ങളിൽ ഇളവു വരുത്തി ഗ്രാമവികസന വകുപ്പിൽ കൊല്ലം ജില്ലയിലേയ്ക്ക് അന്തർ വകുപ്പു സ്ഥലം മാറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ടി.ജെ.ഉണ്ണികൃഷ്ണൻ
അണ്ടർ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.
ശ്രീ..ബിജു.എസ്, ഡ്രൈവർ ഗ്രേഡ് II, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ഡയറക്ടറേറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ